HXS-U-MLY

മലയാളം / MALAYALAM

പേപ്പർ I / Paper I

(സാഹിത്യം) / (LITERATURE)

സമയം : **മൂന്ന്** മണിക്കൂർ *Time Allowed : **Three** Hours*	പരമാവധി മാർക്ക് : **250** *Maximum Marks : **250***

ചോദ്യപേപ്പർ പ്രത്യേക നിർദ്ദേശങ്ങൾ

ചോദ്യങ്ങൾക്കു് ഉത്തരമെഴുതുന്നതിനുമുമ്പായി താഴെ കൊടുത്തിരിക്കുന്ന നിർദ്ദേശങ്ങൾ ശ്രദ്ധാപൂർവ്വം വായിക്കുക :

*ആകെ **എട്ട്** ചോദ്യങ്ങളാണുള്ളത്. ഇവയെ **രണ്ടു ഭാഗങ്ങളായി** തിരിച്ചിരിക്കുന്നു.*

*പരീക്ഷാർത്ഥികൾ ഇരുവിഭാഗങ്ങളിൽനിന്നുമായി **അഞ്ച്** ചോദ്യങ്ങൾക്കു് ഉത്തരമെഴുതേണ്ടതാണ് .*

***ഒന്നാമത്തെയും അഞ്ചാമത്തെയും** ചോദ്യങ്ങൾക്ക് നിർബ്ബന്ധമായും ഉത്തരമെഴുതേണ്ടതാണ്.*

*ശേഷിക്കുന്ന ഏതെങ്കിലും **മൂന്നു** ചോദ്യങ്ങൾക്കു് ഉത്തരമെഴുതേണ്ടതിൽ ഇരുവിഭാഗത്തിൽ നിന്നും കുറഞ്ഞത് **ഒരു** ചോദ്യത്തിനുള്ള ഉത്തരമെങ്കിലുമുണ്ടായിരിക്കണം.*

*ഓരോ ചോദ്യത്തിനും / വിഭാഗത്തിനും ഉള്ള മാർക്കുകൾ അതാതിന്റെ നേർക്കു് രേഖപ്പെടുത്തിയിട്ടുണ്ട്. ഉത്തരങ്ങൾ **മലയാളത്തിൽ (മലയാളം ലിപിയിൽ)** തന്നെ എഴുതണം.*

ചോദ്യങ്ങൾക്ക് ഉത്തരമെഴുതുമ്പോൾ വാക്കുകളുടെ എണ്ണത്തിന്റെ പരിധി നിർദ്ദേശിച്ചിട്ടുണ്ടെങ്കിൽ അതു് പാലിക്കേണ്ടതാണ്.

ചോദ്യങ്ങൾക്കുള്ള ഉത്തരം അനുക്രമമായിട്ടെഴുതിയാൽ മാത്രമേ പരിഗണിക്കുകയുള്ളു. ഉത്തരം അപൂർണ്ണമാണെങ്കിൽപ്പോലും വെട്ടിയിട്ടില്ലെങ്കിൽ അതിനെ ഉത്തരമായിട്ടു് കണക്കാക്കുന്നതാണ്. ചോദ്യവും ഉത്തരവുമടങ്ങുന്ന ബുക്ക്ലെറ്റിൽ എഴുതാത്ത ഭാഗങ്ങളും പുറങ്ങളും വെട്ടിക്കളയാൻ ശ്രദ്ധിക്കേണ്ടതാണ്.

Question Paper Specific Instructions

Please read each of the following instructions carefully before attempting questions :

*There are **EIGHT** questions divided in **TWO SECTIONS**.*

*Candidate has to attempt **FIVE** questions in all.*

*Question nos. **1** and **5** are compulsory and out of the remaining, any **THREE** are to be attempted choosing at least **ONE** question from each section.*

The number of marks carried by a question / part is indicated against it.

*Answers must be written in **MALAYALAM (Malayalam script)**.*

Word limit in questions, wherever specified, should be adhered to.

Attempts of questions shall be counted in sequential order. Unless struck off, attempt of a question shall be counted even if attempted partly. Any page or portion of the page left blank in the Question-cum-Answer Booklet must be clearly struck off.

Optional Province · optionalprovince.com

SECTION A

Q1. ഓരോ ചോദ്യത്തിനും 150 വാക്കുകളിൽ കവിയാതെ ഉത്തരമെഴുതുക. *10×5=50*

(a) മലയാളഭാഷാരൂപീകരണത്തെപ്പറ്റിയുള്ള ഇളംകുളം കുഞ്ഞൻപിള്ളയുടെ അഭിപ്രായം സ്വീകാര്യമാണോ ? *10*

(b) ബ്രഹ്മാണ്ഡപുരാണം എന്ന ഗദ്യത്തിന്റെ ഭാഷാപരമായ പ്രത്യേകതകൾ വിവരിക്കുക. *10*

(c) അച്ചടിയുടെ കണ്ടുപിടിത്തം മലയാളഗദ്യപരിപോഷണത്തിനു് എത്രത്തോളം സഹായകമായെന്ന് വിലയിരുത്തുക. *10*

(d) നവമാധ്യമങ്ങളിലെ ഭാഷ മലയാളത്തിന്റെ 'തനിമ' നഷ്ടപ്പെടുത്തുന്നു എന്ന പരാതിക്കു് അടിസ്ഥാനമുണ്ടോ ? സ്വമതം വെളിപ്പെടുത്തുക. *10*

(e) രാമചരിതഭാഷ ഒരു മിശ്രഭാഷയാണെന്ന അഭിപ്രായത്തിന്റെ യുക്തിപരിശോധിക്കുക. *10*

Q2. (a) എന്ന ചോദ്യത്തിനു് 250 വാക്കുകളിലും (b), (c) എന്നീ ചോദ്യങ്ങൾക്കു് 150 വാക്കുകളിലും ഉത്തരമെഴുതുക. *20+15+15=50*

(a) ദ്രാവിഡഭാഷകളിൽ മലയാളം തമിഴിനോടാണു് ഏറ്റവും അടുത്തുനിൽക്കുന്നതു് എന്നു് നിരീക്ഷിച്ചവരിൽ പ്രമുഖർ ആരെല്ലാം ? അവരുടെ നിരീക്ഷണങ്ങൾക്കു് ഉപോദ്ബലകമായ കാര്യങ്ങൾ എന്തെല്ലാം ? ചർച്ച ചെയ്യുക. *20*

(b) കേരളപാണിനി നിർദ്ദേശിക്കുന്ന 'അനുനാസികാതിപ്രസരം' തുടങ്ങിയ ആറു നയങ്ങളും രാമചരിതത്തിൽ പൂർണ്ണമായും പാലിക്കപ്പെടുന്നുണ്ടോ ? പരിശോധിക്കുക. *15*

(c) മലയാളം സംസ്കൃതത്തിൽ നിന്നുണ്ടായ ഭാഷയാണു് എന്ന പണ്ഡിതാഭിപ്രായത്തെ വിമർശനവിധേയമാക്കുക. *15*

Optional Province · optionalprovince.com

Q3. (a) എന്ന ചോദ്യത്തിനു് 250 വാക്കുകളിലും (b), (c) എന്നീ ചോദ്യങ്ങൾക്കു് 150 വാക്കുകളിലും ഉത്തരമെഴുതുക. ***20+15+15=50***

(a) ആദ്യകാലചമ്പുക്കളിൽ നിന്നു് മധ്യകാലചമ്പുക്കളിലെത്തുമ്പോൾ അവയിലെ ഭാഷയ്ക്കു് സംഭവിച്ച പരിണാമം വിശദീകരിക്കുക. *20*

(b) മലയാളത്തിലെ നാടൻപാട്ടുകളെ വർഗ്ഗീകരിച്ചു് ഒരോ വിഭാഗത്തിലും പ്രകടമാകുന്ന ഭാഷാപരമായ പ്രത്യേകതകൾ വെളിപ്പെടുത്തുക. *15*

(c) ആട്ടപ്രകാരത്തിലും ക്രമദീപികയിലും പ്രതിഫലിക്കുന്ന പ്രാചീന മലയാളത്തിന്റെ സവിശേഷതകൾ വിവരിക്കുക. *15*

Q4. (a) എന്ന ചോദ്യത്തിനു് 250 വാക്കുകളിലും (b), (c) എന്നീ ചോദ്യങ്ങൾക്കു് 150 വാക്കുകളിലും ഉത്തരമെഴുതുക. ***20+15+15=50***

(a) എഴുത്തച്ഛനുമുമ്പുള്ള സാഹിത്യഭാഷാഭേദങ്ങളുടെ സവിശേഷതകൾ എടുത്തുകാട്ടി, ഭാഷയിൽ എഴുത്തച്ഛൻ വരുത്തിയ പരിവർത്തനങ്ങൾ എന്തൊക്കെയെന്നു് വിശദീകരിക്കുക. *20*

(b) മലയാളഗദ്യത്തിന്റെ വളർച്ചയിൽ വിദേശ മിഷണറിമാർ അനുഷ്ഠിച്ച സേവനങ്ങളെക്കുറിച്ചു് വിവരിക്കുക. *15*

(c) ആധുനിക മലയാളഭാഷയിൽ ദൃശ്യമാകുന്ന പുതിയ പ്രവണതകൾ എന്തെല്ലാം ? മലയാളഭാഷയെ ശക്തിപ്പെടുത്തുന്നതിൽ ഇവയ്ക്കെന്തെങ്കിലും സംഭാവനകൾ നൽകാൻ കഴിയുന്നുണ്ടോ ? ചർച്ച ചെയ്യുക. *15*

Optional Province · optionalprovince.com

SECTION B

Q5. ഓരോ ചോദ്യത്തിനും 150 വാക്കുകളിൽ കവിയാതെ ഉത്തരമെഴുതുക. *10×5=50*

(a) സാമൂഹിക പരിഷ്കരണം മണിപ്രവാളകൃതികളുടെ ലക്ഷ്യമായിരുന്നു എന്നു പറയാമോ ? നിരൂപണബുദ്ധ്യാ നിരീക്ഷിക്കുക. *10*

(b) 'തനി മലയാളകൃതി' എന്നു് വിശേഷിപ്പിക്കപ്പെടാറുള്ള കൃഷ്ണഗാഥയ്ക്കു് അർഹിക്കുന്ന പ്രാധാന്യം ലഭിച്ചെന്നു് തോന്നുന്നുണ്ടോ ? വിശദീകരിക്കുക. *10*

(c) കവിതയെ സാധാരണജനങ്ങളുമായി കൂടുതൽ അടുപ്പിക്കുവാനുള്ള ബോധപൂർവ്വമായ ശ്രമമാണു് വെണ്മണിക്കവികളുടെ രചനകളിൽ കാണുന്നതു്. ശരിയോ ? എന്തുകൊണ്ടു് ? *10*

(d) മലയാളത്തിലെ സ്ത്രീനാടകവേദിയുടെ ചരിത്രം സംഗ്രഹിക്കുക. *10*

(e) മലയാളത്തിൽ ഉപന്യാസശാഖ വേണ്ടത്ര വളർച്ച പ്രാപിച്ചിട്ടില്ല എന്ന വിലയിരുത്തൽ സ്വീകാര്യമോ ? *10*

Q6. (a) എന്ന ചോദ്യത്തിനു് 250 വാക്കുകളിലും (b), (c) എന്നീ ചോദ്യങ്ങൾക്കു് 150 വാക്കുകളിലും ഉത്തരമെഴുതുക. ***20+15+15=50***

(a) "മലയാളകവിതയെ നാടോടിപാരമ്പര്യത്തിൽ നിന്നു് എപ്പിക് പാരമ്പര്യത്തിലേക്കു് പിടിച്ചുയർത്തിയ കവികളാണ് കണ്ണശ്ശന്മാർ." നിരൂപിക്കുക. *20*

(b) ഉണ്ണുനീലിസന്ദേശത്തിന് സന്ദേശകാവ്യം എന്ന പേരു് വെറും 'പേരു് ' മാത്രമേ ആകുന്നുള്ളു എന്ന അഭിപ്രായത്തോട് യോജിക്കാൻ കഴിയുമോ ? *15*

(c) കുഞ്ചൻ നമ്പ്യാരുടെ കവിതയ്ക്കു് ഒരു സാർവ്വജനീനതയുണ്ടു്. ഒരേ സമയം തന്നെ അത് പണ്ഡിതന്മാരേയും പാമരന്മാരേയും രസിപ്പിക്കുന്നു; ഒരേ സമയം തന്നെ അതു് ഉദാത്തവും സാധാരണവുമാകുന്നു. ചർച്ച ചെയ്യുക. *15*

Optional Province · optionalprovince.com

Q7. (a) എന്ന ചോദ്യത്തിനു് 250 വാക്കുകളിലും (b), (c) എന്നീ ചോദ്യങ്ങൾക്കു് 150 വാക്കുകളിലും ഉത്തരമെഴുതുക. ***20+15+15=50***

(a) കാല്പനികതയിൽ നിന്നു് ആധുനികതയിലേക്കുള്ള മാറ്റത്തെ ത്വരിതപ്പെടുത്തിയ കാവ്യരചനകളാണു് ഇടശ്ശേരി, വൈലോപ്പിള്ളി, പി. കുഞ്ഞിരാമൻ നായർ എന്നിവരുടേതു്. വിലയിരുത്തുക. *20*

(b) ശബ്ദത്തെക്കാൾ അർത്ഥത്തിനും രൂപത്തെക്കാൾ ഭാവത്തിനും പ്രാധാന്യം നൽകി രാജരാജവർമ്മ പ്രസ്ഥാനക്കാർ നടത്തിയ പ്രാസവാദം മലയാളത്തിൽ കാല്പനികതയിലേക്കുള്ള പാത സജ്ജമാക്കിക്കൊടുത്തു. പരിശോധിക്കുക. *15*

(c) വള്ളത്തോളിനെ അനശ്വരനാക്കുന്നതു് അദ്ദേഹത്തിന്റെ കൃതികളിലെ ദേശീയതയോ അതോ അവയിലാവിഷ്കൃതമായ സൗന്ദര്യബോധമോ എന്നു് ചർച്ച ചെയ്യുക. *15*

Q8. (a) എന്ന ചോദ്യത്തിനു് 250 വാക്കുകളിലും (b), (c) എന്നീ ചോദ്യങ്ങൾക്കു് 150 വാക്കുകളിലും ഉത്തരമെഴുതുക. ***20+15+15=50***

(a) മലയാളത്തിലെ ആധുനികകഥകളുടെ പ്രധാന അന്തർധാരകളിലൊന്നു് ഇരുണ്ട ഫലിതത്തിന്റേതാണു് എന്ന അഭിപ്രായത്തിന്റെ സാധുത എം.പി. നാരായണപിള്ള, ഒ.വി. വിജയൻ, വി.കെ.എൻ., സക്കറിയ എന്നിവരുടെ കഥകളെ മുൻനിർത്തി പരിശോധിക്കുക. *20*

(b) പാത്രസ്വഭാവം അനാവരണം ചെയ്യാൻ സംഭാഷണശൈലി പരമാവധി പ്രയോജനപ്പെടുത്തിയ ഒരു നോവലിസ്റ്റാണു് സി.വി. രാമൻപിള്ള. മാർത്താണ്ഡവർമ്മ, ധർമ്മരാജാ, രാമരാജാബഹദൂർ എന്നീ കൃതികളെ ആധാരമാക്കി ഈ നിരീക്ഷണം യുക്തിഭദ്രമാണോ എന്നു് വിലയിരുത്തുക. *15*

(c) യുക്തിവിചാരം ചെയ്തു സ്വമതം സ്ഥാപിക്കുന്നതിലും നിരൂപണത്തെ ഒരു കലായായുയർത്തുന്നതിലും അസാധാരണ വിജയം കൈവരിച്ച ഒരു സാഹിത്യകാരനാണു് കുട്ടികൃഷ്ണമാരാർ. നിരൂപിക്കുക. *15*

Optional Province · optionalprovince.com